# സമൂഹം മാതൃക കാണിക്കണം

കെ. അവറു മാസ്റ്റർ

**പുതിയ** തലമുറയെ മൂല്യബോധവും സംസ്കാരവുമുള്ളവരാക്കി വളർത്തുകയെന്നതാണ് മതവിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. മദ്റസാ വിദ്യാഭ്യാസമാണ് മുസ്‌ലിം കുട്ടികളുടെ വ്യാപകമായ മതപഠന സംവിധാനം. എന്നാൽ മദ്റസാ പഠനം കൊണ്ട് മാത്രം കുട്ടികൾ മതബോധമുള്ളവരായിത്തീരുമെന്ന് കരുതുന്നത് ശരിയല്ല. വീട്, സമൂഹം, അധ്യാപകർ എന്നിവ മൂന്നും ചേർന്ന് നിർവഹിക്കേണ്ടതാണത്. ഇസ്‌ലാം ഒരു സംസ്കാരമാണ്. അത് ചൊല്ലിക്കൊടുക്കേണ്ടതല്ല, പകർന്നു കൊടുക്കേണ്ടതാണ്. മദ്റസകളിൽനിന്ന് പഠിപ്പിക്കപ്പെടുന്ന തത്ത്വങ്ങളുടെ കർമമാതൃകകൾ വീട്ടിൽനിന്നും സമൂഹത്തിൽനിന്നും ലഭിക്കണം. നമസ്കാരത്തെക്കുറിച്ച് പല ക്ലാസ്സുകളിലും പഠിപ്പിച്ചിട്ടും പരീക്ഷ എഴുതി വിജയിച്ചിട്ടും ഒരു കുട്ടി നമസ്കാരം കൃത്യമായി നിർവഹിക്കുന്നില്ലെങ്കിൽ എന്താണതിന്റെ കാരണം? നമസ്കാരത്തിന്റെ കർമശാസ്ത്രമാണ് മദ്റസകളിൽവെച്ച് പഠിക്കുന്നത്. അതേക്കുറിച്ച ബോധം സൃഷ്ടിക്കാൻ മതപഠനത്തിന് സാധിക്കുന്നില്ല. അതോടൊപ്പം മദ്റസയിൽ പഠിക്കുന്ന നമസ്കാരം ഒരു ശീലമായി മാറേണ്ടത് വീട്ടിലും സമൂഹത്തിലുമാണ്. ഇത് വളരെ പരിമിതമായേ നടക്കുന്നുള്ളൂ.

ഇന്ന് നാം വ്യയം ചെയ്യുന്നത്ര സമയവും അധ്വാനവും ചെലവഴിച്ച് മദ്റസാ പഠനം നടത്തേണ്ടതുണ്ടോ, അത്രമാത്രം പ്രയാസപ്പെട്ട് പഠിപ്പിക്കാൻ മാത്രം ക്ലിഷ്ടതയുള്ളതാണോ ദീൻ എന്നും ചിന്തിക്കേണ്ടതുണ്ട്. കുട്ടികളെ അർഥമറിഞ്ഞും അറിയാതെയും കുറേ കാര്യങ്ങൾ മനഃപാഠം പഠിപ്പിക്കുന്ന രീതി മാറണം. ആദ്യഘട്ടത്തിൽ അടിസ്ഥാനവിഷയങ്ങൾ ലളിതമായി പഠിപ്പിക്കണം. പാഠപുസ്തകങ്ങളേക്കാളേറെ പ്രായോഗിക പരിശീലനങ്ങൾക്ക് മുൻഗണന നൽകണം. കുട്ടികൾ വിവേകമെത്തുകയും സ്വയം തെരഞ്ഞെടുപ്പ് നടത്തുകയും ചെയ്യാൻ തുടങ്ങുന്ന ടീനേജിൽ അവരെ ബോധവൽക്കരിക്കുകയും അവരുടെ ബൗദ്ധിക നിലവാരത്തെയും അന്വേഷണ വാഞ്ഛയെയും തൃപ്തിപ്പെടുത്തുകയും ചെയ്യുന്ന രീതിയിൽ ഇസ്‌ലാമിക വിദ്യാഭ്യാസം നൽകണം.

മദ്റസാ വിദ്യാഭ്യാസം പല കാരണങ്ങളാലും ദുർബലപ്പെട്ടിരിക്കുകയാണ്. പരിശീലനം ലഭിച്ച അധ്യാപകരുടെ കുറവ് അതിൽ പ്രധാനമാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസം വ്യാപകമായതാണ് സമീപകാലത്തുണ്ടായ മറ്റൊരു പ്രശ്നം. സ്കൂൾ ബസ് വരുന്നതിനനുസരിച്ച് മദ്റസാ സമയം അഡ്ജസ്റ്റ് ചെയ്യുകയാണ് കുട്ടികൾ. രക്ഷിതാക്കൾ നിബന്ധനകൾ വെച്ചുകൊണ്ടാണ് കുട്ടികളെ മദ്റസയിൽ ചേർക്കുന്നതുതന്നെ. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലാവട്ടെ മതപഠനം പേരിനു മാത്രമാണ് നടക്കുന്നത്. ഇങ്ങനെ പല കാരണങ്ങളാൽ കുറഞ്ഞുവരുന്ന മതപഠനത്തെ കൂടുതൽ അപകടപ്പെടുത്തുന്നതാണ് സ്കൂളുകളിൽ നിർദേശിക്കപ്പെട്ടിട്ടുള്ള സമയമാറ്റം. ഇപ്പോൾ ശിപാർശ ചെയ്യപ്പെട്ടിട്ടുള്ള രീതിയിൽ രാവിലെ 8.30 മുതൽ വൈകുന്നേരം 3.30 വരെ സ്കൂൾ പ്രവൃത്തിസമയമായാൽ മദ്റസാ വിദ്യാഭ്യാസത്തിന്റെ നിലവിലുള്ള രീതിയെ അത് പ്രതികൂലമായി ബാധിക്കും. വിദ്യാഭ്യാസരംഗത്ത് വരുന്ന വമ്പിച്ച പരിവർത്തനത്തിന്റെയും കരിക്കുലം മാറ്റത്തിന്റെയും മറ്റും ഒരു ഭാഗം മാത്രമാണ് സമയമാറ്റം. എന്നാൽ ഈ കരിക്കുലത്തോടുള്ള സമീപനമെന്താണെന്ന് ഇനിയും വ്യക്തമാക്കപ്പെട്ടിട്ടില്ല. പൊതുസമൂഹവുമായി വലിയ തോതിൽ ബന്ധപ്പെട്ട സമയമാറ്റം ഉൾപ്പെടെയുള്ള വിഷയങ്ങൾ വിഭാഗീയതകൾ സൃഷ്ടിക്കപ്പെടാതെയും അവധാനതയോടെയും കൈകാര്യം ചെയ്യാൻ നമുക്ക് സാധിക്കേണ്ടതുണ്ട്.

(മജ്‌ലിസുത്തഅ്‌ലീമിൽ ഇസ്‌ലാമി, കേരളയുടെ അസി. സെക്രട്ടറിയാണ് ലേഖകൻ)